(സി) സംസ്ഥാന നദികളിൽ ആഭ്യന്തര ആവശ്യം കഴിഞ്ഞ് അധികജലം ഉണ്ടെന്നുള്ള കേന്ദ്ര സർക്കാരിന്റെ വിലയിരുത്തൽ ശരിയാണോ ; അല്ലെങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ ആധികാരികമായ പഠന റിപ്പോർട്ട് എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അന്തർ സംസ്ഥാന നദി സംയോജന പദ്ധതിയോട് മൊത്തത്തിൽ കേരളത്തിന് എതിർപ്പില്ല. എന്നാൽ കേരളത്തിലെ നദികൾ മറ്റു സംസ്ഥാനങ്ങളിലെ നദികളുമായി സംയോജിപ്പിക്കുന്നതിന് കേരളം അനുകൂലമല്ല.

(ബി) നദീസംയോജന പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമല്ല. ഭരണഘടന അനുശാസിക്കുന്ന പ്രകാരം സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടുകൂടി മാത്രമേ നദികളെ തമ്മിൽ ബന്ധിപ്പിക്കുന്ന കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ പാടുള്ളൂ എന്ന നിലപാട് കേരളം വ്യക്തമാക്കിയിട്ടുണ്ട്. മാത്രവുമല്ല നദികളുടെ സംയോജിത പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള ടാക്സ് ഹെഡ്സിന്റെ ചെയർമാൻ ശ്രീ. രൂപേഷ് പി. പ്രഭുവിന് ബഹു. മുഖ്യമന്ത്രി 29-3-2003-ൽ അയച്ച കത്തിൽ കേരളത്തിലെ പമ്പാ-അച്ചൻകോവിൽ നദികൾ തമിഴ്നാട്ടിലെ വൈപ്പാർ നദിയുമായി സംയോജിപ്പിക്കുവാനുള്ള നിർദ്ദേശത്തെ അനുകൂലിക്കുവാൻ കഴിയില്ല എന്നറിയിച്ചിട്ടുണ്ട്.

(സി) പമ്പാ-അച്ചൻകോവിൽ നദികളെക്കുറിച്ചുള്ള പഠനത്തിലാണ് ഇത്തരത്തിലുള്ള വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇതിനോട് കേരളം യോജിക്കുന്നില്ല. സി.ഡബ്ല്യു.ആർ.ഡി.എം. നടത്തിയ പഠനപ്രകാരം വേമ്പനാട് കായലിൽ പതിക്കുന്ന നദികളിൽ 2050-ാം മാണ്ടോടെ ജലക്ഷാമം ഉണ്ടാവാൻ സാദ്ധ്യതയുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

നദികളെ തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതി

55 (371) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ നദികളെ തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റ് രൂപം നല്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ ഈ പദ്ധതിയനുസരിച്ച് കേരളത്തിലെ നദികളെ ഉൾപ്പെടുത്തിയാൽ സംസ്ഥാനത്ത് രൂക്ഷമായ ജലദൗർലഭ്യം ഉണ്ടാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ പദ്ധതിയിൽ കേരളത്തിലെ നദികളെ ഉൾപ്പെടുത്തരുതെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കേരളത്തിൽ നദികളെക്കുറിച്ച് സി.ഡബ്ല്യു.ആർ.ഡി.എം. എന്ന സ്ഥാപനം എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ജി) ഇതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(എച്ച്) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളും കണ്ടെത്തലുകളും സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(ഐ) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. എന്നാൽ രാജ്യത്തെ നദികളെ തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിപ്രകാരം കേരളത്തിലെ നദികളായ പമ്പാ, അച്ചൻകോവിൽ എന്നിവയെ തമിഴ്നാട്ടിലെ വൈപ്പാർ നദിയുമായി കൂട്ടിയിണക്കുന്നതിനെക്കുറിച്ച് ഇതുമായി ബന്ധപ്പെട്ട ടാസ്ക് ഫോഴ്സിന്റെ ചെയർമാൻ ശ്രീ. സുരേഷ്പ്രഭു സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇക്കാര്യത്തിലുള്ള വിയോജിപ്പ് അറിയിച്ചിട്ടുണ്ട്.

(സി&ഡി) പമ്പാ-അച്ചൻകോവിൽ നദികളിൽ അധികജലമുണ്ടെന്ന നിഗമനം ശരിയല്ല. കോഴിക്കോട്ടെ ജലവിഭവ വികസന വിനിയോഗ കേന്ദ്രം (സി. ഡബ്ല്യു.ആർ.ഡി.എം.) നടത്തിയ പഠനത്തിൽ ഈ നദികളിൽ അധികജലം ഇല്ലെന്നും 2050-ന് ശേഷം പമ്പാ അച്ചൻകോവിൽ നദീതീരങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് വെള്ളത്തിന് ദൗർലഭ്യം അനുഭവപ്പെടും എന്നും കണ്ടെത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്. പമ്പാ-അച്ചൻകോവിൽ നദികളിൽ അധികജലം ഇല്ലാ എന്ന വസ്തുത 7-7-2000-ൽ ചേർന്ന നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസിയുടെ 30-ാം മത് ടെക്നിക്കൽ അഡ്വൈസറി കമ്മറ്റി മീറ്റിംഗിൽ കേരളം ധരിപ്പിക്കുകയും പദ്ധതി നടപ്പിലാക്കുവാൻ നടത്തുന്ന നീക്കത്തിൽ പ്രതിക്ഷേധം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ നദികളിൽ നിന്നും തമിഴ്നാട്ടിലേയ്ക്ക് ജലം തിരിച്ചുവിടാനുള്ള നിർദ്ദേശത്തെക്കുറിച്ച് കേരള സർക്കാർ പ്രധാനമന്ത്രിയെയും കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയെയും അറിയിച്ചിട്ടുണ്ട്. 17-2-2001-ൽ തിരുവനന്തപുരത്ത് എത്തിയ കൃഷികാര്യം സംബന്ധിച്ച പാർലമെന്ററി സ്റ്റാന്റിംഗ് കമ്മറ്റിയെ പമ്പാ അച്ചൻകോവിൽ വൈപ്പാർ പദ്ധതി നടപ്പിലാക്കിയാൽ ഉണ്ടാകുന്ന ദൂഷ്യ ഫലങ്ങളെക്കുറിച്ച് വിശദമായി ധരിപ്പിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനെ ശക്തിയുക്തം എതിർക്കുകയും പദ്ധതി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(എഫ്&ജി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ റിപ്പോർട്ടിൽ കേരളത്തിലെ ഈ നദികളിൽ അധികം ജലം ഇല്ലായെന്നും 2050-ാം വർഷത്തോടെ കേരളത്തിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ സാദ്ധ്യതയുണ്ടെന്നും പ്രസ്താവിച്ചിട്ടുണ്ട്.

(ഐ) കേരളത്തിനു ദോഷകരമായ രീതിയിൽ നമ്മുടെ നദികളെ കൂട്ടിയിണക്കുന്ന പദ്ധതിക്ക് അനുവാദം കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല.

ഗോവധ നിരോധനം

56 (812) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോവധ നിരോധനം സംബന്ധിച്ച് കേന്ദ്രത്തിൽനിന്ന് എന്തെങ്കിലും നിർദ്ദേശം കിട്ടിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ബാധകമല്ല.

കണ്ണൂരിലെ വളർത്തുപ്രാവുകളുടെ കൂട്ടക്കൊല

57 (813) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ കണ്ണൂരിൽ എവിടെയെല്ലാം വളർത്തുന്ന പ്രാവുകളുടെ കൂട്ടക്കൊലപാതകം നടന്നിട്ടുണ്ട് ;

(ബി) ഇപ്രകാരം എത്ര പ്രാവുകളെ കൊന്നിട്ടുണ്ട് ;

(സി) പ്രാവുകളുടെ കൂട്ടക്കൊലയ്ക്കുള്ള കാരണമെന്താണ് ;

(ഡി) ഇതു സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ ; കണ്ണൂരിൽ നടന്നുവരുന്ന പ്രാവു പറത്തൽ മത്സരം തടയാനുദ്ദേശമുണ്ടോ ?

ഉത്തരം

(എ) കണ്ണൂർ സിറ്റിയിൽ നീർച്ചാൽ എന്ന സ്ഥലത്ത് 16-4-2003-ൽ വളർത്തു പ്രാവുകളുടെ കൂട്ടക്കൊലപാതകം നടന്നിട്ടുള്ളതായി അറിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly